**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2922** — **12.10.2011-ൽ മറുപടിക്ക്**

## പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള ജലാശയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള ജലാശയത്തിന്റെ വിസ്തീർണ്ണം എത്രയാണ്; | എ) | പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള തീർത്ഥങ്കര ശുദ്ധജല തടാകത്തിന്റെ വിസ്തീർണ്ണം 9.89 ഏക്കറാണ് |
| ബി) | പ്രസ്തുത ജലാശയം ഉപയോഗപ്പെടുത്തിയുള്ള ഏതെങ്കിലും പദ്ധതി കാർഷിക സർവ്വകലാശാല ആവിഷ്ക്കരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) | പ്രസ്തുത ജലാശയം ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ട പ്രവർത്തന പരിപാടി സംബന്ധിച്ച് 09.06.2010ൽ ചേർന്ന കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് മുൻപാകെ കുറിപ്പ് സമർപ്പിക്കുകയും കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കപ്പെട്ട കുറിപ്പിൽ പശ്ചാത്തല സൗകര്യ വികസനം എന്ന വിഭാഗത്തിൽ പടന്നക്കാട് കാർഷിക കോളേജിനോടനുബന്ധിച്ച് 10 ഏക്കറോളം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന തീർത്ഥങ്കര തടാകത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി ആരംഭിക്കുക എന്ന നിർദ്ദേശമുണ്ട്. |

R. R. Bdige

**സെക്ഷൻ ഓഫീസർ**